**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3120** **07-10-2025 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഏതെല്ലാം പഞ്ചായത്തിലാണ് പദ്ധതി പൂർത്തിയാക്കാനുള്ളത്; എത്ര കണക്ഷനുകളാണ് നൽകാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ; പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കോങ്ങാട് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള 9 പഞ്ചായത്തുകളിൽ (കാഞ്ഞിരപ്പുഴ, കരിമ്പ, കാരാകുറിശ്ശി, പറളി, മണ്ണൂർ, മങ്കര, കേരളശ്ശേരി, തച്ചമ്പാറ, കോങ്ങാട്) ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ നടന്നുവരികയാണ്.<br><br>കോങ്ങാട് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിൽ ഇനി നൽകാനുള്ള കണക്ഷനുകൾ സംബന്ധിച്ച വിവരങ്ങൾ **<u>അനുബന്ധം 1</u>** ആയി ചേർക്കുന്നു.<br><br>കോങ്ങാട് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ പുരോഗതി **<u>അനുബന്ധം 2</u>** ആയി ചേർക്കുന്നു.<br><br>പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ കരാറുകാരുടെയും അനുബന്ധ വകുപ്പുകളുടെയും ഏകോപനത്തോടെ പദ്ധതി പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് മുന്നോട്ട് പോകുന്നത്. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. |
| (ബി) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് കേരള വാട്ടർ അതോറിറ്റി മുഖേന കരിമ്പ, കോങ്ങാട് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് കരിമ്പ, കോങ്ങാട് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ 12 എം.എൽ.ഡി ജലശുദ്ധീകരണ ശാല, പമ്പ് ഹൗസ്, റോ വാട്ടർ പമ്പിംഗ് മെയിൻ എന്നിവ ഉൾപ്പെട്ട പാക്കേജ് 1 പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഇതിലെ രണ്ടാമത്തെ പാക്കേജായി കരിമ്പ പഞ്ചായത്തിലെ പാറയ്ക്കൽ 13 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റ് എന്നിവ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുന്ന പ്രവൃത്തി പ്രാഥമിക കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ രണ്ട് തവണ ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ റദ്ദാക്കുകയാണുണ്ടായത്. പിന്നീട് ടി പ്രവൃത്തിക്ക് ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി 1770 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് നാല് പാക്കേജുകളായി ടെൻഡർ ക്ഷണിക്കുകയും ഓഫറുകൾ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ 16.08.2024 ന ശേഷം പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകാനുള്ള അനുമതി NJJM-ൽ നിന്നും ലഭ്യമായിട്ടില്ല.<br><br>NH 966 ൽ തുപ്പനാട് മുതൽ കല്ലടിക്കോട് ടി ബി ജംഗ്ഷൻ വരെ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി NH അതോറിറ്റിയിൽ നിന്നും ലഭ്യമായതിനെ തുടർന്ന് ടി പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കേണ്ടതിനാൽ റിസ്ക് & കോസ്റ്റ് പ്രവൃത്തിയായി ടെൻഡർ ക്ഷണിച്ച് 30.11.2022 ന് പ്രവൃത്തി പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| **പഞ്ചായത്ത്** | **ആകെ ഗ്രാമീണ വീടുകൾ** | **ഭരണാനുമതി നൽകിയ കണക്ഷൻ** | **ഭരണാനുമതി തുക (ലക്ഷം)** | **JJM ന മുൻപ് ഉണ്ടായിരുന്ന കണക്ഷൻ** | **JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ** | **നിലവിലെ മൊത്തം കണക്ഷൻ** | **ഇനി നൽകാനുള്ള കണക്ഷൻ** |
|---|---|---|---|---|---|---|---|
| കാഞ്ഞിരപ്പുഴ | 8154 | 6235 | 2593.26 | 1919 | 3582 | 5501 | 2653 |
| കാരാകുറിശ്ശി | 6670 | 4423 | 2147.95 | 2187 | 3113 | 5300 | 1370 |
| കരിമ്പ | 7312 | 4261 | 4166.36 | 3211 | 2070 | 5281 | 2031 |
| കേരളശ്ശേരി | 4341 | 4140 | 3591.85 | 41 | 0 | 41 | 4300 |
| കോങ്ങാട് | 9971 | 10513 | 4447.55 | 1772 | 150 | 1922 | 8049 |
| മങ്കര | 6860 | 3900 | 3125.06 | 1000 | 1842 | 2842 | 4018 |
| മണ്ണൂർ | 7750 | 6719 | 3689.43 | 210 | 1258 | 1468 | 6282 |
| പറളി, | 10211 | 6953 | 8619.98 | 3205 | 53 | 3258 | 6953 |
| തച്ചമ്പാറ | 4833 | 3535 | 2500.65 | 1223 | 1885 | 3108 | 1725 |
| **ആകെ** | **66102** | **50679** | **34882.09** | **14768** | **13953** | **28721** | **37381** |

**അനുബന്ധം 2**

| കോങ്ങാട് നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി | | |
|---|---|---|
| **ക്രമ നമ്പർ** | **പഞ്ചായത്ത്** | **പുരോഗതി** |
| 1 | കാഞ്ഞിരപ്പുഴ | 93% പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | കരിമ്പ | 82% പ്രവൃത്തി പൂർത്തീകരിച്ചു. രണ്ട് പഞ്ചായത്തുകളിലുമായി 213 കി.മീ വിതരണശൃംഖല സ്ഥാപിച്ചു. ദേശീയപാത 966 ൽ പൊന്നംകോട് ബ്രിഡ്ജ് മുതൽ മൈലംപുള്ളി ജംങ്ഷൻ വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് NHAI-ക്ക് ലൈസൻസ് ഫീയും ബാങ്ക് ഗ്യാരണ്ടിയും അടവാക്കിയെങ്കിലും നാളിതുവരെ അനുമതി ലഭ്യമായിട്ടില്ല. |
| 3 | കോങ്ങാട് | |
| 4 | തച്ചമ്പാറ | 85% പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | കേരളശ്ശേരി | 72% പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | മങ്കര | 95% പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | മണ്ണൂർ | 86% പ്രവൃത്തി പൂർത്തീകരിച്ചു. |
| 8 | പറളി | 75% പ്രവൃത്തി പൂർത്തീകരിച്ചു. |
| 9 | കാരാകുറിശ്ശി | 82 % പ്രവൃത്തി പൂർത്തീകരിച്ചു. |